

ലേഖനം ● എൻ എം സ്വാദിഖ് സഖാഫി

# ധാർമിക വിപ്ലവം

**മനഃസാക്ഷിയെ അത്രവേഗം കുടഞ്ഞെറിയാനാവില്ലല്ലോ മനുഷ്യന്? പിന്നെ എങ്ങനെയാണവൻ നിഷ്ക്രിയനാവുന്നത്? ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ മനഃസാക്ഷി അവനെ അസ്വസ്ഥമാക്കിക്കൊണ്ടിരിക്കും. ഈ ജീവിതത്തിൽ പ്രത്യക്ഷ പരിക്കുകളൊന്നും സംഭവിച്ചില്ലെങ്കിൽ പോലും മറ്റൊരു ജീവിതം ഈ ക്രൂരമായ നിഷ്ക്രിയതയെ വിചാരണ ചെയ്യാതിരിക്കില്ല. കാരണം വിപ്ലവം മനുഷ്യാത്മാവിന്റെ ഭാഗമാണ്. ആന്തരിക-ബാഹ്യ ചോദനകളോടുള്ള ആത്മാവിന്റെ പ്രതികരണത്തിന്റെ പിടച്ചിലുകളാണത്.**

വിപ്ലവം വായാടിത്തമല്ല, വിശ്വാസത്തിന്റെ ഉൾക്കരുത്തിൽ ഉറവയെടുക്കുന്ന വിചാരങ്ങളുടെ അഗ്നിസ്ഫുലിംഗങ്ങളാണത്. അർത്ഥങ്ങളും ആശയങ്ങളുമാണ് വിപ്ലവങ്ങൾക്ക് ഇന്ധനമാവുന്നത്. മനുഷ്യൻ കേവല ജൈവരൂപമല്ല. വികാര-വിചാരങ്ങൾ സൃഷ്ടിക്കുന്ന ഉദ്ദീപനങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാൻ അവന് ബാധ്യതയുണ്ട്. ഈ വിചാരങ്ങളുടെ സാഫല്യമാണ് മനുഷ്യകർമങ്ങൾ. മനഃസാക്ഷിയെ അത്രവേഗം കുടഞ്ഞെറിയാനാവില്ലല്ലോ മനുഷ്യന്? പിന്നെ എങ്ങനെയാണവൻ നിഷ്ക്രിയനാവുന്നത്? ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ മനഃസാക്ഷി അവനെ അസ്വസ്ഥമാക്കിക്കൊണ്ടിരിക്കും. ഈ ജീവിതത്തിൽ പ്രത്യക്ഷ പരിക്കുകളൊന്നും സംഭവിച്ചില്ലെങ്കിൽ പോലും മറ്റൊരു ജീവിതം ഈ ക്രൂരമായ നിഷ്ക്രിയതയെ വിചാരണ ചെയ്യാതിരിക്കില്ല. കാരണം വിപ്ലവം മനുഷ്യാത്മാവിന്റെ ഭാഗമാണ്. ആന്തരിക-ബാഹ്യ ചോദനകളോടുള്ള ആത്മാവിന്റെ പ്രതികരണത്തിന്റെ പിടച്ചിലുകളാണത്. ഒഴുക്കിനൊത്തു നീങ്ങുന്ന പൊങ്ങുതടികളെയല്ല വിപ്ലവം തേടുന്നത്, ആവും വിധം പ്രതിരോധിച്ചുനിൽക്കുന്ന മൂടുറപ്പുള്ള കുറ്റിച്ചെടികളെയാണ്. വിചാരവും വിപ്ലവവുമില്ലാത്ത ജീവിതം ഭൂമിക്കു ഭാരമാണ്.

ജീവിത പരിസരങ്ങളാണ് വിപ്ലവങ്ങൾക്ക് പാശ്ചാതലമൊരുക്കുന്നത്. ആഗോളതലത്തിലെ സംഭവവികാസങ്ങൾ നമ്മോട് ഇത് വീണ്ടും വീണ്ടും വിളിച്ചുപറയുന്നു. സംഘർഷങ്ങളുടെ നെരിപ്പോടിൽ എരിഞ്ഞുതീരുന്ന ജന്മങ്ങൾ.

മനുഷ്യൻ ഭൂമിയിലെ അല്ലാഹുവിന്റെ പ്രതിനിധിയാണ്. അവൻ ആർജ്ജിച്ചതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹങ്ങളാണ്. മനുഷ്യാധികാരവും അധീശത്വവും താൽക്കാലികമാണ്. അവന്റെ ആയുസ്സും ആരോഗ്യവും നിശ്ചിത വൃത്തത്തിൽ പരിമിതമാണ്. അപ്പോൾ മേൽക്കോയ്മാപരമായ ആധിപത്യവും കരുത്തുമുള്ളപ്പോൾ തന്നെ അവൻ തികച്ചും ബലഹീനനാണത്രെ. ഈ വീക്ഷണവും ചിന്തയുമാണ് മനുഷ്യന്റെ ജീവിതപ്പൊരുൾ രൂപപ്പെടുത്തുന്നത്. ഈ പൊരുൾ തേടിയുള്ള യാത്ര അവന്റെ ജീവിതവും!

ചോരയൊലിച്ചത് അവരുടെ മുറിവുകളിൽ നിന്നായിരുന്നില്ല. സ്പന്ദിക്കുന്ന ഹൃദയങ്ങളിൽ നിന്നായിരുന്നു. പോറലേറ്റ് നീറിപ്പുകഞ്ഞത് ശരീരങ്ങളായിരുന്നില്ല. ആത്മാവുകളായിരുന്നു. ഇറാഖിലും ഫലസ്തീനിലും ഒരളവോളം കാശ്മീരിലും ഗുജറാത്തിലുമൊക്കെയുള്ള ബാല്യ-യൗവനങ്ങൾ ഇത്തരം ദുരന്തങ്ങളിലെ ബലിയാടുകളാണ്.

ആത്മരക്ഷക്കുവേണ്ടിയുള്ള ചെറുത്തുനിൽപ്പ് വിപ്ലവാകുന്നില്ല. വിചാരങ്ങളന്യമായ സ്വാഭാവികത മാത്രമാണത്. മനുഷ്യേതര ജീവജാലങ്ങളിലും ജന്മസിദ്ധമായ ഈ പ്രതികരണവാഞ്ഛ പ്രകടമാണ്. എങ്കിൽപിന്നെ നാമൊരു വിപ്ലവകാരിയാകുന്നത് എന്തിനാണ്? ആർക്കുവേണ്ടിയാണ്? വിതക്കുന്നതിൽ, കൊയ്തെടുക്കുന്നതിൽ പങ്കൊന്നുമില്ലെങ്കിൽ ഈ വിപ്ലവം തുലയട്ടെ എന്ന് സ്വാർത്ഥനായ ആധുനിക മനുഷ്യൻ വിചാരിച്ചാൽ ഏത് ഒറ്റമൂലി കൊണ്ടാണ് അവനെ നാം ചികിത്സിക്കുക? ഇവിടെയാണ് ധാർമികവിപ്ലവം പ്രസക്തമാകുന്നത്.

മനുഷ്യൻ ഭൂമിയിലെ അല്ലാഹുവിന്റെ പ്രതിനിധിയാണ്. അവൻ ആർജ്ജിച്ചതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹങ്ങളാണ്. മനുഷ്യാധികാരവും അധീശത്വവും താൽക്കാലികമാണ്. അവന്റെ ആയുസ്സും ആരോഗ്യവും നിശ്ചിത വൃത്തത്തിൽ പരിമിതമാണ്. അപ്പോൾ മേൽക്കോയ്മാപരമായ ആധിപത്യവും കരുത്തുമുള്ളപ്പോൾ തന്നെ അവൻ തികച്ചും ബലഹീനനാണത്രെ. ഈ വീക്ഷണവും ചിന്തയുമാണ് മനുഷ്യന്റെ ജീവിതപ്പൊരുൾ രൂപപ്പെടുത്തുന്നത്. ഈ പൊരുൾ തേടിയുള്ള യാത്ര അവന്റെ ജീവിതവും!

ജീവിതത്തെക്കുറിച്ചുള്ള ഈ വീക്ഷണമാണ് മനുഷ്യജീവിതത്തെ അർത്ഥവത്താക്കുന്നത്. വിധിവിലക്കുകൾകൊണ്ട് നിയന്ത്രിതമായ ജീവിതമാണ് ധാർമികതയെ ആവശ്യപ്പെടുന്നത്. താൻ അല്ലാഹുവിന് സമർപ്പിതനാണെന്നുറപ്പിച്ചുകൊണ്ടുള്ള സമ്പൂർണ വണക്കമാണ് ധാർമികതയുടെ അടിത്തറ. ഈ അടിസ്ഥാന തത്വത്തിൽനിന്നാണ് അവന്റെ വിചാരങ്ങളും കർമങ്ങളും വികസിക്കേണ്ടത്. അല്ലാഹുവിനോടുള്ള വിധേയത്വവും അർപ്പണവും മനുഷ്യന് ചില കടമകളും കടമ്പകളും നൽകുന്നു. ഇത് നിറവേറ്റിക്കൊണ്ടുള്ള സുതാര്യമായ ജീവിതയാത്രയാണ് ധാർമികവിപ്ലവം.

മറ്റെന്തിനെക്കാളും മനുഷ്യചിന്തയെ ചുട്ടുപൊള്ളിക്കേണ്ടത് താൻ ഭൂമിയിലെ അല്ലാഹുവിന്റെ പ്രതിനിധിയാണെന്ന തിരിച്ചറിവാണ്. ഈ തിരിച്ചറിവിൽ നിന്നാണ് വിചാരങ്ങളും കർമങ്ങളുമുണ്ടാകുന്നത്. പ്രവാചകനായ ഇബ്റാഹിം(അ) ആണ് സമർപ്പണമെന്താണെന്ന് പഠിപ്പിച്ചുതന്നത്. ആ പ്രവാചകൻ സാധിച്ച ധാർമികവിപ്ലവമാണ് അന്ത്യപ്രവാചകൻ മുഹമ്മദ്നബി(സ)യിലൂടെ സമ്പൂർണ്ണമായത്. സ്വേച്ഛാധിപതികൾക്കും പ്രജകൾക്കും മേൽ അധീശത്വമുറപ്പിച്ച് അവരെ ചൂഷണം ചെയ്തു പോന്നിരുന്ന ഛത്രപതികൾക്കെതിരെ സമരം ചെയ്യാൻ പ്രവാചകന്മാരെയും അവരുടെ അനുചരന്മാരെയും പ്രേരിപ്പിച്ചത് ധാർമിക വിപ്ലവം തന്നെയായിരുന്നു. തകർക്കാനാകാത്തതെന്ന് കൊട്ടിഘോഷിക്കപ്പെട്ടിരുന്ന അധർമത്തിന്റെ കോട്ടകളിൽ വെള്ളിടി തീർത്തതും ഈ ധാർമിക വിപ്ലവത്തിന്റെ ഉരുക്കു കൈകളാണ്.

ധാർമിക വിപ്ലവത്തിന്റെ പ്രത്യയശാസ്ത്രമാണ് വിശുദ്ധഖുർആൻ. ജീവിതത്തിലെ പോരാട്ടവും സമരവും സംസ്കാരവും ഖുർആൻ ഉദ്ഘോഷിക്കുന്നു. അർത്ഥമുള്ള ജീവിതക്രമം അത് നമ്മെ പഠിപ്പിക്കുന്നു. രഹസ്യസ്വഭാവമുള്ളതും അല്ലാത്തതുമായ ചട്ടങ്ങളും ഖുർആൻ പകർന്നുനൽകുന്നു. നേരിനുവേണ്ടി നെഞ്ചുറപ്പോടെ നിലകൊള്ളാനും നെറികേടുകൾക്കെതിരെ പോർച്ചട്ടയണിയാനും ആഹ്വാനം ചെയ്യുന്നു.

ജീവിതമണ്ഡലത്തിലെ വൈയക്തിക വിലാസങ്ങൾക്കപ്പുറത്തുള്ള സമൂഹഗാത്രത്തിലേക്ക് സഞ്ചരിക്കാനും വർത്തമാനത്തോടൊപ്പം ഭൂതകാലത്തെയും നിരീക്ഷിച്ച് ചരിത്രത്തിൽനിന്നുള്ള പാഠങ്ങൾ പകർത്തുവാനും ഖുർആൻ ആഹ്വാനം ചെയ്യുന്നു. ജീവിതതാളത്തിൽ ചുവടുതെറ്റാതെ ലക്ഷ്യത്തിലേക്ക് പ്രയാണം നടത്തിയവരെയും താളഭംഗം സംഭവിച്ച് വഴിയിൽ വീണുടഞ്ഞ ജീവിതങ്ങളെയും ചരിത്രത്തിലെ ഉത്ഥാന പതനങ്ങളായി ഖുർആൻ അവതരിപ്പിക്കുന്നു.

കണ്ണിൽപ്പെട്ടത് കാണാനും കയ്യിലെത്തിയത് പിടിച്ചുവയ്ക്കാനുമുള്ള കഴിവ് മാത്രമല്ല മനുഷ്യന് സർവശക്തൻ നൽകിയിട്ടുള്ളത്. തന്റെ പരിസരങ്ങളെ നിർദ്ധാരണം നടത്തി ജീവിതത്തെക്കുറിച്ചുയരുന്ന ചോദ്യങ്ങൾക്ക് കർമങ്ങൾ കൊണ്ട് മറുപടി പറയാനുള്ള ബാധ്യതകൂടി നമുക്കുണ്ട്. ഈ തിരിച്ചറിവിൽനിന്നാണ് ധാർമിക വിപ്ലവത്തിന്റെ ഊർജ്ജം നാം സ്വീകരിക്കേണ്ടത്. സ്വാർത്ഥതയും അഹങ്കാരവും ആധുനിക മനുഷ്യന്റെ ശാപമാണ്. വസ്തുതകളുടെയും ആശയങ്ങളുടെയും ലോകത്തുനിന്ന് മിത്തുകളുടെയും സ്വപ്നങ്ങളുടെയും ലോകത്തേക്ക് പ്രയാണം നടത്താൻ മനുഷ്യന് അറപ്പ് തോന്നാത്തത് ആധുനികത തീർത്ത പൊങ്ങച്ച സംസ്കാരത്തിലാണ്.

ഇവിടെയാണ് എസ്എസ്എഫ് പ്രസക്തമാകുന്നത്. കാലമേൽപ്പിച്ച കർമസാഫല്യത്തിന്റെ കരുത്താണീ ത്രയാക്ഷരി. ഒരു തലമുറയുടെ ആത്മപ്രചോദിതമായ സമർപ്പണവും ചിന്തയുടെ കരുത്താർന്ന സമീപനവും അത്

ചരിത്രത്തിൽ കുറിച്ചിടും. ഇന്നത്തെ വർത്തമാനം നാളെയുടെ ചരിത്രമാണല്ലോ. ആശ്ചര്യജനകമായൊരു നിയോഗമായിരുന്നു അത്. എല്ലാ വിപ്ലവങ്ങളും വിചാരങ്ങളുടെ ഫലമാണ്. വീറുറ്റ ഒരു വിചാരത്തിൽനിന്നുയിരെടുത്ത ധാർമിക വിപ്ലവത്തിന്റെ, ഇടിനാദവുമായാണ് സംഘടന മൂന്നര പതിറ്റാണ്ടുകൾക്കപ്പുറം സമൂഹത്തിലേക്കിറങ്ങിയത്. വിദ്യാർത്ഥിത്വം വീണ്ടുവിചാരമില്ലാത്തവരുടെ കളിപ്പാട്ടമായി മാറുമ്പോൾ കനത്ത നഷ്ടമാണ് സംഭവിക്കുന്നത്. യൗവനവും വാർധക്യവുമൊക്കെ ഇതിന്റെ കെടുതികൾ അനുഭവിക്കേണ്ടിവരും. കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ച് എൽപ്പിക്കപ്പെട്ട ദൗത്യമേറ്റെടുത്ത് വിപ്ലവം സൃഷ്ടിക്കേണ്ട മുസ്‌ലിം വിദ്യാർത്ഥിത്വം ആരുടെയും കളിപ്പാട്ടമായിക്കൂടാ. ആലസ്യത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് ഒളിച്ചുപോകുന്നതും സ്വാർത്ഥതയുടെ ആഴങ്ങളിലേക്ക് ഊളിയിടുന്നതും മനഃസാക്ഷിയുള്ള മുസ്‌ലിം വിദ്യാർത്ഥിക്ക് അനുയോജ്യമല്ലെന്ന് സംഘടന മനസ്സിലാക്കുന്നു.

ആധുനികതയുടെ അരങ്ങേറ്റം വരുത്തിവെച്ച വൃത്തികെട്ട പരിഷ്കാരങ്ങൾ അണ്ണാക്ക് തൊടാതെ വിഴുങ്ങിക്കൊണ്ടാണ് ധാർമികതക്കും നീതിക്കും വേണ്ടി ചിലർ ആർത്തുവിളിച്ചത്. ദൈവത്തിനും മതത്തിനും വേണ്ടി രാജ്യത്തെ ജനാധിപത്യ സങ്കൽപ്പങ്ങളോട് പോലും രാജിയാകാൻ സന്നദ്ധരാകാതിരുന്നവർ നാടകം കളിച്ചും ടെലിഫിലിമുകൾ നിർമ്മിച്ചും ഉത്തരാധുനികതയെ മതത്തിലേക്ക് കുടിയിരുത്താനുള്ള ശ്രമങ്ങളുമായി സജീവമായത് ആധുനികതയുടെ പച്ചപ്പരിഷ്കാരങ്ങൾക്ക് മുമ്പിൽ സ്തബ്ധരായത് കൊണ്ടാണ്. പാരമ്പര്യത്തിന്റെ തികവും മികവുമില്ലാത്ത ആശയങ്ങളാണ് അവരെ ഇത്തരമൊരു അരക്ഷിതാവസ്ഥയിലേക്ക് ചുഴറ്റിയെറിഞ്ഞത്.

കാലങ്ങളെ കീഴടക്കിയ ആദർശത്തിന്റെ കരുത്തും ചടുലതയും സർഗാത്മകതയും നിഴലിക്കുന്നതാണ് സംഘടനയുടെ പ്രവൃത്തിപഥം. അനീതിക്കും അധാർമികതക്കുമെതിരെ വൈവിധ്യമാർന്ന പോർമുഖങ്ങൾ ഒന്നൊന്നായി തുറക്കുമ്പോഴും പുതുകാലത്തോട് സംവദിച്ചപ്പോഴുമൊന്നും എസ്എസ്എഫ് പതറിയിട്ടില്ല. കനൽ നിലങ്ങളിൽ കരുത്തിന്റെ പ്രവാഹമായി സംഘടനക്ക് കുതിച്ചു പായാനായത് സത്യാദർശത്തിലൂന്നിയ പാരമ്പര്യത്തെ മുറുകെ പിടിച്ചതുകൊണ്ടാണ്. രണ്ടു സംഗതികൾ - അല്ലാഹുവിന്റെ മഹദ്ഗ്രന്ഥവും തിരുനബി(സ)യുടെ വിശുദ്ധ ചര്യയും - കൈവിടാതിരിക്കുമ്പോൾ നിങ്ങളുടെ ഉന്നം പിഴക്കില്ലെന്ന തിരുവചനം അന്വർത്ഥമാക്കുന്നതായിരുന്നു ചരിത്രത്തിലും വർത്തമാനത്തിലും സംഘടനയുടെ നയനിലപാടുകൾ. പുതിയ കാലത്തോട് സംവദിക്കാൻ സംഘടനക്ക് അതിന്റെ ആദർശത്തിൽ മായം കലർത്തേണ്ടിവന്നില്ല. അഹ്‌ലുസ്സുന്നഃ അജയ്യമാണെന്നും അതുമാത്രമാണ് സത്യമെന്നുമുള്ള വിചാരം എസ്എസ്എഫ് പ്രവർത്തകരുടെ നെഞ്ചകങ്ങളിൽ എന്നും കരുത്ത് പകർന്നു. സംഘടനയുടെ ആയുധവും ശക്തിയുമായിരുന്നു അത്.

അരാഷ്ട്രീയത ആപത്താണ്. സാമ്രാജ്യത്വ ആഗോളവത്കരണത്തിന്റെ സൃഷ്ടിയാണത്. ക്ഷുഭിതയൗവനത്തെ പൈങ്കിളികളാക്കുകയാണതിന്റെ ലക്ഷ്യം. പ്രതികരണശേഷിയും കർമസന്നദ്ധതയും നഷ്ടപ്പെട്ട ഒരു സമൂഹം സാമ്രാജ്യത്വത്തിന്റെ കയ്യിലെ പാവകളാണ്. അവരെ എങ്ങനെയും കുരങ്ങുകളിപ്പിക്കാം. കാരണം അവർക്ക് തീക്ഷ്ണമായ വിചാരങ്ങളില്ല, വികാരങ്ങളും. നിഷ്ക്രിയത്വത്തിന്റെ മടിത്തട്ടിൽ സസുഖം വാഴുന്ന ഇങ്ങനെയുള്ളൊരു സമൂഹമാണ് സാമ്രാജ്യത്വത്തിന്റെ വിപണി. ഈ തിരിച്ചറിവാണ് സാംസ്കാരികവും രാഷ്ട്രീയപരവുമായ സംഘടനയുടെ നിലപാടുകളെ സ്വാധീനിച്ചത്. കക്ഷി രാഷ്ട്രീയങ്ങൾക്കുവേണ്ടിയുള്ള



**അരാഷ്ട്രീയത ആപത്താണ്. സാമ്രാജ്യത്വ ആഗോളവത്കരണത്തിന്റെ സൃഷ്ടിയാണത്. ക്ഷുഭിതയൗവനത്തെ പൈങ്കിളി കളാക്കുകയാണതിന്റെ ലക്ഷ്യം. പ്രതികരണശേഷിയും കർമസന്നദ്ധതയും നഷ്ടപ്പെട്ട ഒരു സമൂഹം സാമ്രാജ്യത്വത്തിന്റെ കയ്യിലെ പാവകളാണ്. അവരെ എങ്ങനെയും കുരങ്ങുകളിപ്പിക്കാം. കാരണം അവർക്ക് തീക്ഷ്ണമായ വിചാരങ്ങളില്ല, വികാരങ്ങളും. നിഷ്ക്രിയത്വത്തിന്റെ മടിത്തട്ടിൽ സസുഖം വാഴുന്ന ഇങ്ങനെയുള്ളൊരു സമൂഹമാണ് സാമ്രാജ്യത്വത്തിന്റെ വിപണി.**

അനർത്ഥമായ ബഹളങ്ങൾ ഒരർത്ഥത്തിലും സംഘടനയെ സ്വാധീനിച്ചിട്ടില്ല. മൂന്നര പതിറ്റാണ്ടുകാലത്തെ സംഘടനയുടെ നയനിലപാടുകൾ വിലയിരുത്തുന്ന ആർക്കും ഇത് മനസ്സിലാകും. മാറിമാറിവരുന്ന ഇടതു-വലതു മുന്നണികളോട് നയപരമായി സംവദിക്കാൻ സാധിച്ചത് കൃത്യമായ രാഷ്ട്രീയ നിലപാടുകളുള്ളതുകൊണ്ടാണ്. സമദൂര സിദ്ധാന്തമെന്ന സംഘടനയുടെ രാഷ്ട്രീയനയം മുൻവിധിയോടെയുള്ള രാഷ്ട്രീയ കക്ഷിത്വം ഒഴിവാക്കാനുള്ളതാണ്. പ്രത്യുത രാഷ്ട്രീയപരമായ നിലപാടുകൾ ഇല്ലാത്തതുകൊണ്ടല്ല, കാലങ്ങളായി കാത്തുപോന്ന രാഷ്ട്രീയ മര്യാദകളും മൂല്യങ്ങളും കക്ഷിത്വത്തിന് വേണ്ടി വലിച്ചെറിയുന്നത് രാഷ്ട്രീയാന്ധതയാണ്. സംഘടന ഇതിനെ എന്നും ചോദ്യം ചെയ്തിട്ടുണ്ട്.

കാമ്പസുകൾ സമൂഹത്തിന്റെ വിചാരകേന്ദ്രങ്ങളാണ്. സാമൂഹീകരണത്തിന്റെ ഈറ്റില്ലവും. എന്നാൽ മേൽപ്പറഞ്ഞ നിഷ്ക്രിയത്വവും അരാഷ്ട്രീയതയും അതിവേഗം കയറിപ്പറ്റിയത് നമ്മുടെ ക്ലാസ്റൂമുകളിലാണ്. പല കാരണങ്ങളാലാണിത് സംഭവിച്ചത്. ഏറ്റെടുക്കാനുള്ള ബുദ്ധികളെയല്ല, നാടുകടത്താനുള്ള മണ്ടകളെയാണ് ആധുനിക വിദ്യാഭ്യാസ നയം കാമ്പസുകളിൽ കൃഷിചെയ്യുന്നത്. ധാർമികതയുടെ അഭാവമായിരുന്നു ഈ അനർത്ഥങ്ങൾക്ക് വേഗത കൂട്ടിയത്. എസ്എസ്എഫ് ഇത് കൃത്യമായി തിരിച്ചറിയുന്നു. കാമ്പസുകൾ പല അരുതായ്മകളുടെയും കേന്ദ്രങ്ങളാകുന്നതിൽ സംഘടന അസ്വസ്ഥമായി. ഇന്ന് കാമ്പസുകൾ എസ്.എസ്.എഫിനെ നെഞ്ചോടു ചേർത്തിരിക്കുന്നു. പ്രതീക്ഷയോടെ! യൂനിയൻ പ്രവർത്തനങ്ങളിലേർപ്പെട്ടും പൊളിറ്റിക്കൽ തന്ത്രങ്ങൾ മെനഞ്ഞുമല്ല അരുതായ്മകൾക്കെതിരെ ചോദ്യമെറിഞ്ഞു കൊണ്ടായിരുന്നു സംഘടന കാമ്പസുകളിൽ ഇടം നേടിയത്. വരുംകാലങ്ങളിൽ കാമ്പസുകൾ എസ്എസ്എഫിന്റെ വിളനിലമാകും, കൂടുതൽ കരുത്തോടെ.

സംസ്കരണമാണ് സംഘടനയുടെ മുഴുവൻ പ്രവർത്തനങ്ങളുടെയും പ്രചോദനം. അധാർമികതകളുടെ കറപുരണ്ട് വെറുങ്ങലിച്ച ഹൃദയങ്ങൾ വിചാരങ്ങളെ ഏറ്റുവാങ്ങുകയില്ല. പിന്നെയാണല്ലോ വിപ്ലവങ്ങൾ സാധ്യമാവുന്നത്? ആദർശത്തിന്റെയും ആത്മീയതയുടെയും വഴിയിൽ പ്രയാണം നടത്താൻ ഇളംതലമുറയെ പ്രചോദിപ്പിക്കുകയായിരുന്നു സംഘടന. ഭൗതികതയുടെ നേട്ടങ്ങളൊന്നുമില്ലാതെയുള്ള വിപ്ലവങ്ങൾ നാളെയുടെ നന്മക്കുവേണ്ടിയുള്ളതാണെന്ന തിരിച്ചറിവാണ് വിപ്ലവപോരാളികൾക്ക് ആവേശമേകിയത്. മദ്യവും മദിരാക്ഷിയും മനം കവർന്നെടുത്ത ജീർണ്ണിച്ച സമൂഹത്തെ നാളെയുടെ വാഗ്ദാനങ്ങളെയാണല്ലോ മുഹമ്മദ്നബി(സ) സമീപിച്ചത്. കയ്യിലുള്ളത് കുടഞ്ഞെറിഞ്ഞ് കണ്ണെത്താദൂരത്തുള്ളതിനുവേണ്ടി കാത്തിരിക്കാൻ അവർക്ക് കരുത്തുപകർന്നത് ആദർശത്തിലൂന്നിയ സംസ്കരമായിരുന്നു. പ്രവാചകത്വലബ്ധിക്കു ശേഷം നീണ്ട പത്തുകൊല്ലം പ്രവാചകൻ ഊന്നൽ നൽ നൽകിയതും സംസ്കരണത്തിനായിരുന്നു.

അറിവാണ് വിപ്ലവകാരിയുടെ ആയുധം. അനശ്വരമായ ഒരു ലോകത്തേക്ക് നമ്മെ കൂട്ടിക്കൊണ്ട് പോകാനുള്ള അറിവിന് മറ്റേതിനെക്കാളും മൂർച്ചയുണ്ട്. അതിൽ വ്യക്തി, കുടുംബം, സമൂഹം, പ്രപഞ്ചം എല്ലാം കടന്നുവരുന്നു. ജീവിതത്തിലെ നന്മകളെ കുറിച്ചുള്ള അറിവും അരുതായ്മകളെകുറിച്ചുള്ള തിരിച്ചറിവും നിരന്തരം സൃഷ്ടിച്ചുകൊണ്ടാണ് സംഘടന സംസ്കരണം സാധിച്ചത്. ക്യാമ്പുകൾ, ഒത്തുചേരലുകൾ, സമ്മേളനങ്ങൾ, പ്രകടനങ്ങൾ ആത്യന്തികമായി ഇവയെല്ലാം ധാർമികവിപ്ലവത്തിന്റെ വളർത്തുകേന്ദ്രങ്ങളായാണ് സംഘടനാചരിത്രത്തിൽ സ്ഥാനം പിടിച്ചത്. സമൂഹത്തെ കുറിച്ചുള്ള വിചാരണകളിൽ നിന്ന് ബോധമുൾക്കൊണ്ട് സംഘടിച്ച് ശക്തരാകാൻ വിദ്യാർത്ഥി സമൂഹം മുന്നോട്ടുവന്നതും ഇക്കാരണത്താലാണ്. അല്ലാഹുവിന്റെ വചനങ്ങൾ ഓതിക്കേൾപ്പിച്ച് നിങ്ങളെ ഉത്ബുദ്ധരാക്കുകയും സംസ്കരിക്കുകയും ചെയ്യുന്ന ഒരു പ്രവാചകൻ നിങ്ങളിൽ നിന്നുതന്നെ നിങ്ങൾക്കായി നിയുക്തനായിരിക്കുന്നുവെന്ന തിരുനബി(സ)യെക്കുറിച്ചുള്ള വിശുദ്ധവചനത്തിൽനിന്നാണ് എസ്.എസ്.എഫ് അതുനയിച്ച ധാർമികവിപ്ലവത്തിന് ഊർജം സ്വീകരിച്ചത്.

ദുരാഗ്രഹങ്ങളും ദുർമോഹങ്ങളും ഏതൊരു സമൂഹത്തെയും ദുരന്തത്തിലേക്ക് തള്ളിക്കളയും. വൃത്തികെട്ട ബന്ധങ്ങളും ഇടപാടുകളും അധാർമികതക്ക് കളമൊരുക്കും. പുത്തൻ ഫാഷൻ ചിന്തകൾ ജീവിതത്തിന്റെ താളംതെറ്റിക്കും. സമൂഹമനഃസാക്ഷി ഉണർന്നു നിൽക്കേണ്ട ഈ മേഖലകളിൽ സംഘടനക്ക് പലപ്പോഴായി പൊതുസമൂഹത്തോട് സംവദിക്കേണ്ടിവന്നു. സാംസ്കാരികസാമ്രാജ്യത്വം വിസമ്മതിക്കുക, വിവേകത്തിന്റെ വീണ്ടെടുപ്പിന് പാൻമസാലകൾക്കെതിരെ ജനജാഗ്രത, ലോട്ടറി, പലിശ, ചൂതാട്ടം ചൂഷകർക്കെതിരെ സമരനിര തുടങ്ങിയവയെല്ലാം ധർമവിപ്ലവ പോരാളികളെ

സമൂഹം സസന്തോഷം ഏറ്റെടുത്ത സംരംഭങ്ങളായിരുന്നു. വിപ്ലവം ധീരതയുടെ സൃഷ്ടിയാണ്. അത് സൃഷ്ടിപരവും നിർമാണാത്മകവുമാണ്. തീവ്രതയും ഭീകരതയും ഭീരുത്വത്തിന്റെ സൃഷ്ടിയാണ്. നൈരാശ്യം തോണ്ടിയിട്ട ജീവിതങ്ങളാണ് തീവ്രതയുടെ 'ഇരകൾ'. മധ്യമസമൂഹം എന്ന് ഖുർആൻ വിശേഷിപ്പിച്ച വിശ്വാസിക്ക് ചേർന്ന പണിയല്ലിത്. രാജ്യത്തിന്റെ ഭരണരംഗത്ത് സംഭവിച്ച കെടുകാര്യസ്ഥതകളെ ഏറ്റുപിടിച്ച് സമൂഹത്തിൽ ഭീകരതയുടെ കറുത്ത നിഴലുകൾ തീർക്കാനൊരുമ്പെടുന്നവരെ സംഘടന പൊതുസമൂഹത്തിൽ തുറന്നുകാട്ടി. മതഭക്തിയും ആദർശനിഷ്ഠയും കൈമുതലുള്ള ക്ഷോഭിക്കുകയും തിളച്ചുമറിയുകയും ചെയ്യാവുന്ന പ്രായത്തിലുള്ള ലക്ഷങ്ങളെ ഇത്തരം അനർത്ഥങ്ങളിലേക്ക് പോകാതെ കർമരംഗത്തിറക്കാൻ സാധിച്ചുവെന്നതാകും ചരിത്രത്തിൽ സംഘടനയെ കൂടുതൽ തിളക്കമുള്ളതാക്കുന്നതും കാലത്തിന്റെ കയ്യൊപ്പ് ചാർത്തപ്പെടുന്നതും.

നവീകരണം നല്ലൊരു കലയാണ്. കാലഹരണപ്പെട്ട പ്രത്യയശാസ്ത്രങ്ങളെ നവീകരിക്കാൻ മടിക്കുന്ന പ്രത്യയശാസ്ത്ര വിഷാരദന്മാർ അതിനോട് കാണിക്കുന്നത് ക്രൂരതയാണ്. മനുഷ്യനിർമിതമായ സിദ്ധാന്തങ്ങളെ ഏറ്റുപിടിക്കുന്നവർ അത് കാലത്തിനനുസരിച്ച് എരിവും പുളിയും ചേർത്ത് ഹരമാക്കുക തന്നെ വേണം. ഇസ്‌ലാം മനുഷ്യനിർമ്മിതമല്ല. കാലങ്ങളുടെ പരിധികൾ അതിന് ഭീഷണിയുമല്ല. കാരണം കാലാതിവർത്തിയായ ഇലാഹീ വചനങ്ങളാണ് അതിന്റെ പൊരുൾ. ഇസ്‌ലാമിനുവേണ്ടി ഏതൊരു ഇസ്‌ലാം മതവിശ്വാസിക്കും പ്രവർത്തിക്കുകയും പ്രചാരണം നടത്തുകയും ചെയ്യാം. ഭൂമിയിലെ അല്ലാഹുവിന്റെ പ്രതിനിധി എന്നനിലയിൽ ഓരോ വിശ്വാസിക്കും അതിനു ബാധ്യതയുമുണ്ട്. എന്നാൽ അത് മതകീയാശയങ്ങളെ വികലമാക്കി കൊണ്ടാവരുത്. ഭൗതികത മൂത്ത് വരണ്ട മനസ്സുകൾക്കും പൈശാചികതയുടെ അടയാളമായ അഹങ്കാരം അകത്ത് തളംകെട്ടിയവർക്കും ഇലാഹീ വചനപ്രകാശം ദർശിക്കാനാവാത്തത് സ്വാഭാവികമാണ്. എന്നാൽ അവർ ഇസ്‌ലാം മതത്തെ കൈകാര്യം ചെയ്യരുത്.

പക്ഷേ, ചരിത്രത്തിൽ ഈ കയ്യേറ്റം എപ്പോഴുമുണ്ടായി. അത് ചില നിയോഗങ്ങൾക്കുവേണ്ടിയായിരുന്നു. അത്തരം ഒരു അനിവാര്യതയുടെ നിയോഗമാണ് ആത്യന്തികമായി ഈ സംഘശക്തിയുടെ പിറവിയിലും കലാശിച്ചത്. അഹ്‌ലുസ്സുന്നഃയുടെ വഴിയിൽ സംഘടന നയിച്ച വിപ്ലവം വീറുറ്റതായിരുന്നു. കലാലയങ്ങളിലും ക്ലാസ് റൂമുകളിലും പുസ്തകത്താളിലുമൊക്കെയായി നവീന ആശയങ്ങൾ ഒളിച്ചുകടത്താൻ ശ്രമിച്ചപ്പോഴെല്ലാം സംഘടന ഓടിയെത്തി. ന്യായമായ ആശയങ്ങളുമായി വീറുറ്റ രീതിയിൽ തന്നെ. സത്യം തിരിച്ചറിഞ്ഞ അധികാരികൾ അനുഭാവപൂർവം ഈ ആവശ്യങ്ങൾ പരിഗണിക്കുകയും ചെയ്തു. സമരനൈരന്തര്യത്താലും ലക്ഷ്യമില്ലായ്മയാലും ചില സമരങ്ങൾക്കുനേരെ അധികാരികൾക്ക് ബോധപൂർവ്വം കണ്ണടക്കേണ്ടിവന്നിട്ടുണ്ടാകും. എന്നാൽ സമരമുന്നണിയിൽ കടന്നുവന്ന് ആവശ്യങ്ങൾ നിരുപാധികം അംഗീകരിച്ചതായി അധികാരികൾ തന്നെ വിളംബരപ്പെടുത്തുന്നത് ചരിത്രത്തിലെ അപൂർവ്വതയാണ്. കാലിക്കറ്റ് സർവകലാശാലയുടെ അഫ്സലുൽ ഉലമ പ്രിലിമിനറി പുസ്തകങ്ങളിലെ വഹാബിവത്കരണത്തിനെതിരെ സംഘടന നയിച്ച സമരത്തിനിടെയായിരുന്നു ഈ അനുഭവം. തികച്ചും സമാധാനപരമായി നടന്ന സമരത്തിന്റെ ആദ്യഘട്ടങ്ങളിൽ തന്നെയാണ് ഈ അനുഭവമുണ്ടായതെന്നത് ഇതിന്റെ തിളക്കംകൂട്ടുന്നു. കാരണം മതനവീകരണത്തിന്റെ പ്രയോക്താക്കൾക്കും പ്രണേതാക്കൾക്കുമെതിരെയുള്ള സമരത്തിന് എന്നും പത്തരമാറ്റായിരുന്നു. ഇസ്‌ലാമിന്റെ പ്രത്യക്ഷ ശത്രുക്കളെക്കാളും വലിയ അപകടമായിരുന്നു ഇവർ വരുത്തിവെച്ചത്. ആശയമില്ലാത്ത ആൾരൂപങ്ങളെ സൃഷ്ടിക്കാനാണവർ മിനക്കെട്ടത്. അസഭ്യമാവാതെ, അതിരുവിടാതെ അശ്ലീലമായ പരിഷ്കരണങ്ങളെ സംഘടന പൊതുസമൂഹത്തിൽ വിചാരണ ചെയ്തു. വസ്തുതകൾ നിരത്തിയുള്ള ആദർശപരമായ മുന്നേറ്റം ആവേശപൂർവമാണ് മുസ്‌ലിം സമൂഹം സ്വീകരിച്ചത്. മതനവീകരണം വിചാരണ ചെയ്യപ്പെടുന്നു എന്ന ക്യാമ്പയിൻ ആദർശമുന്നേറ്റത്തിൽ ഒരു പുത്തൻ മാതൃക കൂടിയായിരുന്നു.

കനൽപഥങ്ങളിൽ കാരിരുമ്പിന്റെ കരുത്തുമായി കേരളീയ സമൂഹം കാത്തുപോന്ന പാരമ്പര്യസത്യത്തിന്റെയും ഉത്തമ സംസ്കാരത്തിന്റെയും നീതിബോധത്തിന്റെയും സർവോപരി മാനവിക ഗുണങ്ങളുടെയും മനഃസാക്ഷി സൂക്ഷിച്ചുകൊണ്ടാണ് കഴിഞ്ഞ മൂന്നര പതിറ്റാണ്ടുകാലം സംഘടന നിലകൊണ്ടത്. സംഘടന നയിച്ച വിപ്ലവാത്മക പ്രവർത്തനങ്ങളും കാമ്പയിനുകളും ധാർമിക കേരളത്തിന്റെ സ്വന്തമാക്കി സംഘടനയെ മാറ്റിയിരിക്കുന്നു.

ധർമസഖാക്കളെ, ധാർമികവിപ്ലവം! നാം ഏറ്റെടുത്ത ഈ സമരം അവസാനിക്കുന്നില്ല. അധാർമികതയുടെ തുരുത്തുകൾ പുതിയ കാലത്തിന്റെ വെള്ളവും വളവും ഏറ്റുവാങ്ങി പിടിച്ചുനിൽക്കാനൊരുങ്ങുമ്പോൾ നമുക്ക് വിശ്രമമില്ല. അധാർമികതക്കെതിരെ പുതിയ പോർമുഖങ്ങൾ തീർക്കാൻ കാലം നിങ്ങളോട് ആവശ്യപ്പെടുന്നു. കാലത്തിന്റെ വിളിക്കുത്തരം ചെയ്ത് ധാർമിക വിപ്ലവരംഗത്ത് ഇതിഹാസം തീർത്ത, നമുക്കു മുമ്പേ നടന്നവർ ഒ. ഖാലിദ്, വെള്ളില ഫൈസി അവരെ ചരിത്രം അതിന്റെ സുവർണ്ണ താളുകളിൽ രേഖപ്പെടുത്തിക്കഴിഞ്ഞു. ഇന്ന് നമുക്കവർ ചരിത്രമാണ്, ആവേശമാണ്. നമുക്കും നാളെയുടെ ചരിത്രമാകണം, അല്ലാഹുവിന്റെ പൊരുത്തത്തിനായി നമുക്ക് സംഘടിക്കണം. അധർമത്തിന്റെ കോട്ടകളിൽ നേരിന്റെ ഇടിമുഴക്കമായി. നെഞ്ചുറപ്പില്ലേ നിങ്ങൾക്ക് നേരിന്റെ പക്ഷത്തുനിൽക്കാൻ? ●